പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2120 07/03/2017-ൽ മറുപടിക്ക്

## പ്രതിരോധ കുത്തിവെപ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.കെ.വി.വിജയദാസ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | പകർച്ച വ്യാധികളില്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | സംയോജിത രോഗ നിരീക്ഷണ പരിപാടി (IDSP), ദേശീയ പ്രാണി ജന്യരോഗ നിർണ്ണയ പരിപാടി ((NVBDCP) പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP) ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി (NLEP) തുടങ്ങിയ ദേശീയ പരിപാടികളിലൂടെ ആരോഗ്യ വകുപ്പ് വിവിധ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് രോഗം പൊട്ടിപ്പുറപ്പെടുന്നത് തുടക്കത്തിലേ കണ്ടുപിടിക്കാനും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് രോഗം പടരുന്നത് തടയാനും സാധ്യമാകുന്നു. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിനായുള്ള വാർഷിക കർമ്മ പദ്ധതി വിവിധ വകുപ്പുകളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കി വരുന്നുണ്ട്. |
| ബി) | സംസ്ഥാനത്ത് ഡിഫ്ത്തീരിയ പോലുള്ള രോഗങ്ങൾ കണ്ടെത്തുന്ന സാഹചര്യത്തിൽ പ്രതിരോധ കുത്തിവെപ്പുകൾ ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) യും സി) യും | സംസ്ഥാനത്ത് പടർന്ന് പിടിച്ച ഡിഫ്ത്തീരിയ രോഗത്തിന്റെ പാശ്ചാത്തലത്തിൽ പ്രതിരോധ കുത്തിവെപ്പുകളുടെ ആവശ്യകതയും നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ തലത്തിൽ പ്രത്യേകിച്ചും മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും അവലോകന ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നടത്തുകയും ഡിഫ്ത്തീരിയ നിയന്ത്രണ വിധേയമാക്കാനും സാധിച്ചു. |
| സി) | പ്രതിരോധ കുത്തിവെപ്പുകൾക്കെതിരായി ചില പ്രചരണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ഇതു സംബന്ധിച്ച് ശരിയായ | | |

| | | |
|---|---|---|
| | രീതിയിൽ ബോധവത്ക്കരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഇതോടനുബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളെയും സർക്കാർ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളേയും മഞ്ചേരി, കോഴിക്കോട്, തൃശ്ശൂർ, എം.ഇ.എസ് മെഡിക്കൽ കോളേജുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു രോഗപ്രതിരോധ ബോധവത്കരണ പരിപാടിയും പ്രതിരോധ കുത്തിവെയ്പ്പിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരണവും നൽകി. ശിശുരോഗ വിദഗ്ധരുടെ സംഘടനയായ ഐ.എ.പി, ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എ, കെ.ജി.എം.ഒ.എ, ശാസ്ത്ര സാഹിത്യ പരിഷത്ത്, വിവിധ സംഘടനകൾ എന്നിവരുടെ പിൻതുണയും ഇക്കാര്യത്തിൽ ലഭ്യമായി. പൂർണ്ണമായോ, ഭാഗികമായോ വാക്സിനേഷൻ നൽകാത്ത കുട്ടികളെ കണ്ടെത്തി സമ്പൂർണ്ണ വാക്സിനേഷൻ നൽകാനും ഇമ്മ്യൂണൈസേഷൻ നിലവാരം ഉയർത്താനും ഡിഫ്ത്തീരിയ രോഗപ്പകർച്ച പെട്ടെന്ന് നിയന്ത്രിക്കാനും സാധിച്ചു.<br>ഇവ കൂടാതെ ടോട്ടൽ ഇമ്മ്യൂണൈസേഷൻ കേരള (TIK) എന്ന പദ്ധതി പ്രകാരം പ്രതിരോധ കുത്തിവെപ്പിന് പിന്നോക്കം നിൽക്കുന്ന 6 ജില്ലകളിലെ (മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം) 20 ബ്ലോക്കുകളിലായി സമ്പൂർണ്ണ പ്രതിരോധ കുത്തിവെപ്പ് ലഭ്യമാക്കാനും പ്രതിരോധ കുത്തിവെയ്പ്പ് ഊർജ്ജിതമാക്കാനുമുള്ള നടപടികളാണ് ഈ പദ്ധതി വഴി സാധ്യമാകുന്നത്. എല്ലാ മാസവും സംസ്ഥാന തലത്തിൽ ജില്ലകളിലെ കുത്തിവെപ്പിന്റെ നിലവാരം അവലോകനം ചെയ്യുകയും കുറവായി കാണുന്ന ജില്ലകളിൽ പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ